**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5374** | **05-07-2024 - ൽ മറുപടിയ്ക്ക്**

**ആകാശപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ നോർത്ത് ബ്ലോക്കും സൗത്ത് ബ്ലോക്കും ബന്ധിപ്പിച്ച് ആകാശ പാത പണിയുന്നത് സർവ്വകലാശാലയുടെ ബഡ്ജറ്റിൽ നിന്നാണോ; അല്ലായെങ്കിൽ അതിന്റെ ഫണ്ടിങ് ഏജൻസിയുടെ വിവരം ലഭ്യമാക്കാമോ; | (എ) | കേരള സർവകലാശാലയുടെ നോർത്ത് ബ്ലോക്കും സൗത്ത് ബ്ലോക്കും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാത തയ്യാറാക്കുന്നതിനുള്ള പദ്ധതി സർവകലാശാലയുടെ 2020-'21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. ഈ പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് 23.02.2023-ന് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അനുമതി വാങ്ങിച്ചശേഷം മാത്രം പദ്ധതിയുമായി മുന്നോട്ട് പോകാനാണ് ശിപാർശ ചെയ്തത്. ഈ പദ്ധതിക്കായി നാളിതുവരെ സർവകലാശാല ഫണ്ട് വകയിരുത്തിയിട്ടില്ല . |
| (ബി) | പ്രസ്തുത ആകാശപാത നിർമ്മിക്കുന്നതിനാവശ്യമായ ചെലവുകളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാമോ; | (ബി) | പദ്ധതിയുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല. |
| (സി) | ദേശീയ പാതയ്ക്ക് കുറുകെ ആകാശ പാത പണിയുന്നതിന് ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ചതും ലഭിക്കാനുള്ളതുമായ അനുമതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (സി) | ഇല്ല. പ്രസ്തുത പദ്ധതിയ്ക്ക് ദേശീയ പാത അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. ഭൂഗർഭ കേബിളുകൾ, പൈപ്പ്ലൈനുകൾ എന്നിവ കടന്നുപോകുന്നതിനാൽ പദ്ധതി രൂപരേഖയിൽ ഇവയ്ക്ക് എന്തെങ്കിലും മാറ്റം വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ക്ലിയറൻസും ആവശ്യമാണ്. |
| (ഡി) | ദേശീയ പാതയ്ക്ക് കുറുകെ ആകാശ പാത നിർമ്മിക്കുന്നതിനാവശ്യമായ അനുമതി നൽകിക്കൊണ്ടുള്ള വിവിധ സർക്കാർ ഉത്തരവുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി പത്രം, പരിപത്രം എന്നിവ ലഭ്യമാക്കാമോ? | (ഡി) | ഉത്തരവ്, അനുമതിപത്രം, പരിപത്രം എന്നിവ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ സർവകലാശാല തലത്തിൽ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ